
ബൈബിൾ
ട്രൂത്ത്
THE BIBLE TRUTH

# പുതിയ നിയമ സഭ

സ്ഥാപകൻ - ക്രിസ്തു. സ്ഥലം - യെരുശലേം. എപ്പോൾ - എ.ഡി. 33-ൽ.
മത്തായി 16:18 തല - ക്രിസ്തു  എഫെ. 1:22  പ്രവൃത്തി 2:5-47
പ്രവൃത്തി 2  തലസ്ഥാനം - സ്വർഗ്ഗം - ഫിലി 3:20

| | | |
|---|---|---|
| സംഘടന എഫെ 3:15 | മൂപ്പന്മാർ | തീത്തൊ 1:5-7, പ്രവൃത്തി 20:23 1തിമൊ 3:1-7 |
| | ശുശ്രൂഷകന്മാർ | പ്രവൃത്തി 6:1 1തിമൊ 3:8-13 |
| | അംഗങ്ങൾ | പ്രവൃത്തി 2:41-47, കൊലൊ 1:13, 1 കൊരി 1:2 |
| സഭയെ അറിയപ്പെട്ടത് എഫെ 3:15 | ദൈവസഭ | 1കൊരി 1:2, പ്രവൃത്തി 20:28 |
| | ക്രിസ്തുവിന്റെ ശരീരം | കൊലൊ 1:13, എഫെ 1:22-23 |
| | ക്രിസ്തുവിന്റെ സഭകൾ | മത്താ. 16:18, റോമർ 16: 16 |
| | ക്രിസ്തുവിന്റെ മണവാട്ടി | റോമർ 1:4, വെളി. 21:9 |
| അംഗങ്ങളെ അറിയപ്പെട്ടത് എഫെ 3:15 | ശിഷ്യന്മാർ | യോഹ. 15:8, പ്രവൃത്തി 11:26 |
| | വിശുദ്ധന്മാർ | റോമർ 1:7, 1 കൊരി 1:2, ഫിലി. 1:1 |
| | സഹോദരന്മാർ | ലൂക്കോ 8:21, ഗലാത്യർ 6:1 |
| | മക്കൾ | ഗലാത്യർ 3:26, 1 യോഹ 2:1 |
| | ക്രിസ്ത്യാനികൾ | പ്രവൃത്തി 11:26, 26:28, 1 പത്രൊ 4 :16 |
| വിശ്വാസ നിയമവും | ദൈവവചനം | മത്തായി 28:18-20, 2 തിമൊ. 3:16-17 2 പത്രൊ 1:3 |
| പരിശീലനവും ആരാധന | പാട്ട് | കൊലൊ 3:16, എഫെ 5:19, 1 കൊരി 14:15, എബ്രാ 2:12 |
| | പ്രാർത്ഥന | 1തെസ 5:17 |
| | പ്രസംഗം | പ്രവൃത്തി 5:42 |
| | കർത്തൃമേശ | പ്രവൃത്തി 20:7, 1 കൊരി 11:23 |
| | ധർമ്മ ശേഖരം | 1 കൊരി 16:1-2 |
| ദൗത്യം | ആത്മാക്കളെ രക്ഷിക്കൽ | മത്താ. 5:13-16, യോഹ 15:8-16, 1 തിമൊ 4:16 |
| മുന്നറിയിപ്പ് | വിശ്വസ്തരായിരിക്കണം | മത്തായി 15:9, 15:13, ഗലാ. 1:6-8, 2 യോഹ. 9-10 |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 18** **March** **2005** **No.12**

## *എഡിറ്റോറിയൽ*

സമൂഹം നേരിട്ടു കൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളുണ്ട്. അവയിലൊന്നാണ് നിയന്ത്രണാതീതമായി കൊണ്ടിരിക്കുന്ന ആക്രമണങ്ങൾ. പല രീതിയിൽ ആളുകൾ ഇതിനിരയാകുന്നുണ്ട്. വാസ്തവത്തിൽ, മനുഷ്യർ തങ്ങളുടെ ജീവിതത്തെ നൈമിഷിക വികാരങ്ങൾക്കു അടിമപ്പെടുത്തുകയാണ്. അടിസ്ഥാനമായി ഇതിന്റെ കാരണമെന്തെന്നു പരിശോധിക്കാം. പ്രാധാന്യം കൊടുക്കേണ്ടതും മുൻഗണനാക്രമവും ക്രമവിരുദ്ധമായിട്ടാണ് കാണപ്പെടുന്നത്. ആളുകളുടെ അജ്ഞതയാണ് ഇങ്ങനെ ജീവിക്കാൻ കാരണം. തെറ്റിധാരണ, സംശയം, വക്രത, സ്വാർത്ഥത, എന്നിങ്ങനെ എണ്ണിയാ ലൊട്ടുങ്ങാത്ത സ്വഭാവ വൈകൃതം മനുഷ്യനെ വേട്ടയാടി നശിപ്പിക്കുകയാണ്. ലൗകിക ജീവിതത്തെ യും ആത്മിക ജീവിതത്തെയും തരംതിരിച്ചു ആരും പഠിപ്പിക്കുന്നില്ല. നില നിൽക്കുന്നതും നിലനിൽക്കാത്തതുമായ കാര്യങ്ങൾ ബാല്യം മുതൽ പഠിപ്പിക്കേണ്ടിയിരിക്കുന്നു. ഓരോരുത്തരും വളർന്നു വരുന്ന പശ്ചാത്തലമനുസരിച്ചു ഇത്തരം അക്രമങ്ങൾക്കു വ്യത്യാസം ഉണ്ടാകും.

ശരിയും തെറ്റും ഇടകലർന്നു കിടക്കുന്ന ലോകത്തു ജീവിക്കുന്നവർ, ഭൂരിഭാഗവും വശത്താക്കുന്നതു തിന്മയാണ്. കുട്ടികൾ തങ്ങളുടെ വീട്ടിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും കണ്ടും കേട്ടും പഠിക്കുന്ന പല കാര്യങ്ങളുണ്ട്. നീതിബോധവും സത്യസന്ധതയും വിശ്വസ്തതയും പഠിപ്പിക്കേണ്ട സ്ഥാനത്തു സമൂഹത്തിൽ ഉന്നതമായ പേരും പദവിയുമാണ് കുട്ടികളിൽ ലക്ഷ്യമാക്കി വിടുന്നത്. അതുകൊണ്ട് കുട്ടികളുടെ

ബുദ്ധിയും കഴിവും ആ രീതിയിലേയ്ക്കു തിരിച്ചു വിടും. അവർ പിന്നീട് വഷളായി പോകും. മാതാപിതാക്കൾക്കു മക്കളെ കുറിച്ചു ഉത്തരവാദിത്വമുണ്ട്. കുട്ടികളിൽ മത്സരമല്ല വളർത്തേണ്ടത്, മറിച്ച് തുല്യതയാണ്. കള്ളം പറയുവാനോ കള്ളം ചെയ്യുവാനോ പഠിപ്പിക്കരുത്. ചതിയും വഞ്ചനയും നമുക്കു തന്നെ ദോഷമായി തീരുമെന്നു പഠിപ്പിക്കണം. ദൈവത്തേക്കാൾ പണത്തിനും പദവിക്കും മുൻഗണന കൊടുക്കുന്ന മാതാപിതാക്കൾ സ്വയം നശിക്കയും തങ്ങളുടെ മക്കളെ നശിപ്പിക്കയും ചെയ്യും. സ്വയം ഓരോരുത്തരും ആത്മപരിശോധന നടത്തണം. നമ്മുടെ ചുറ്റും ജീവിക്കുന്നവർക്കു നമ്മെ പോലെ തന്നെ അവകാശപ്പെട്ടതു നാം തടഞ്ഞു വെക്കരുത്.

അധികാരസ്ഥാനങ്ങളിലും ഔദ്യോഗിക പദവിയിലും കയറിപ്പറ്റുന്നവർ ഒരു പക്ഷെ പണം മുടക്കിയായിരിക്കും അവിടെ കയറിയിരിക്കുന്നത്. അതു തിരിച്ചു പിടിക്കുവാൻ ആദ്യം കുറെയൊക്കെ മിതമായി തുടങ്ങും. പിന്നെ അഴിമതിയിൽ മുങ്ങിക്കുളിയ്ക്കും. പണത്തോടുള്ള മോഹം, അധികാരത്തോടുള്ള മോഹം ശരിയല്ല. ഇതു അവരെ നശിപ്പിക്കുന്നതാണ്. മോഹമാണ് മനുഷ്യരെ പാപം ചെയ്യിപ്പിക്കുന്നത്. തന്റെ മാർഗ്ഗത്തിനു തടസ്സമായി വരുന്നവരെ ഇല്ലാതാക്കുവാൻ ശ്രമിക്കുന്നവർ ഇന്നു വർദ്ധിച്ചു വരികയാണ്. മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നതു ഇത്തരം സംഭവങ്ങളാണ്. മനുഷ്യരുടെ ഉള്ളിൽ നിന്നും ഇത്തരം ദുഷ്യ സ്വഭാവങ്ങൾ മാറണമെങ്കിൽ ശാരീരിക ഇച്ഛകൾ മാറ്റി ആത്മിക താല്പര്യങ്ങളിലേയ്ക്കു മനസ്സിനെ തിരിക്കണം. ദൈവത്തിനും ദൈവ വചനത്തിനും മുൻതൂക്കം കൊടുക്കണം. ദൈവത്തെ ഭയന്നു ജീവിക്കുവാൻ എല്ലാവരും തയ്യാറാവണം. മാലിന്യങ്ങൾ സമൂഹത്തിൽ നിന്നു തുടച്ചു നീക്കാൻ ദൈവ വചനത്താൽ എല്ലാവരും ശുദ്ധീകരിക്കപ്പെടണം. നമുക്കു ദൈവത്തോടും സമൂഹത്തോടുമുള്ള പ്രതിബദ്ധത അതാണ്. നിങ്ങളും ഞാനും അതിനു തയ്യാറാവണം. ഓരോ വ്യക്തിയും തന്നാലാവുന്നതു ചെയ്യാൻ മനസ്സുണ്ടെങ്കിൽ നമുക്കു ചുറ്റുമുള്ളവർ തിരുത്താൻ മനസ്സുവെയ്ക്കും. എന്റെ ഉദ്യമവും പ്രാർത്ഥനയും അതിനു വേണ്ടിയാണ്.

★

# നാം എങ്ങനെ പ്രാർത്ഥിക്കണം
ജെ.സി. ചോട്ട്

ക്രിസ്ത്യാനികൾ അവരുടെ ദൈവത്തോടു സമീപിക്കുന്നതു പ്രാർത്ഥന മുഖാന്തരമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നാം ദൈവത്തോടു സംസാരിക്കുന്നതു ഇങ്ങനെയാണ്. പക്ഷെ എങ്ങനെ നാം അതു ചെയ്യും? പലരും പല വിധത്തിലാണ് ചെയ്യുന്ന ത്. ദൈവം അംഗീകരിക്കുന്നത് എന്താണ്? സൃഷ്ടി കർത്താവും സർവ്വത്തിന്റേയും ദാതാവുമായ ദൈവത്തോടു ആശയ വിനിമയം നടത്തേണ്ടതു എങ്ങനെ എന്നു നാം അറിഞ്ഞിരിക്കണം.

ബഹുമാനം പ്രദർശിപ്പിക്കാതെ ദൈവ സാന്നിദ്ധ്യത്തോടടുക്കുവാൻ കഴിയും. ക്രിസ്തു പറഞ്ഞു, "ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്കരിക്കണം" (യോഹന്നാൻ 4:24).

യേശുക്രിസ്തു പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നുണ്ട്. എങ്ങനെ പ്രാർത്ഥിക്കണം, എങ്ങനെ പ്രാർത്ഥിക്കരുതെന്നും പഠിപ്പിച്ചിട്ടുണ്ട്. "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തരെപ്പോലെ ആകരുത്" അവർ മനുഷ്യർക്കു വിളങ്ങേണ്ടതിനു പള്ളികളിലും തെരുക്കോണുകളിലും നിന്നുകൊണ്ടു പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു. അവർക്കു പ്രതിഫലം കിട്ടിപ്പോയി എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക : രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നത്. അവരോടു തുല്യരാകരുത്. "നിങ്ങൾക്കു ആവശ്യമുള്ളതു ഇന്നതെന്നു നിങ്ങൾ യാചിക്കും മുമ്പെ നിങ്ങളുടെ പിതാവു അറിയുന്നുവല്ലോ,, (മത്തായി 6:5-8).

എങ്ങനെ പ്രാർത്ഥിക്കണമെന്നു തുടർച്ചയായി ശിഷ്യന്മാരോടു പങ്കു വെയ്ക്കുന്നുണ്ട്. യേശു ഒരു മാതൃകാ പ്രാർത്ഥനതന്നെ

അവർക്കുവേണ്ടി പറഞ്ഞു കൊടുത്തിട്ടുണ്ട്. ദൈവത്തോടു സംസാരിക്കുന്നതിന്റെ പ്രാധാന്യവും അതിൽ അടങ്ങിയിരിക്കേണ്ട പോയിന്റുകളും നമുക്കു പ്രയോജനപ്പെടുന്നതിനു വേണ്ടി എഴുതിയിരിക്കുന്നു. "നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്ക് ആവശ്യമുളള ആഹാരം ഇന്നു തരേണമേ, ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ; രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുളളതല്ലോ" (മത്തായി 6:9-13).

എന്തുകൊണ്ടാണ് ഈ പ്രാർത്ഥന യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കാതിരുന്നത്? കാരണം യേശു പാപികൾക്കുവേണ്ടി അപ്പോൾ മരിച്ചിട്ടില്ലായിരുന്നു. അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ ശേഷമാണ് സകല അധികാരവും ലഭിച്ചിരുന്നത്. ഏക മദ്ധ്യസ്ഥനും അവൻ തന്നെ. അതുകൊണ്ട് ഇന്നു നാം പ്രാർത്ഥിക്കുമ്പോൾ ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു. വേറൊന്നു അന്നു ദൈവരാജ്യം സ്ഥാപിതമാകാനിരിക്കകൊണ്ടാണ് രാജ്യം വരേണ്ടതിനു പ്രാർത്ഥിച്ചതു. രാജ്യം സ്ഥാപിച്ചു കഴിഞ്ഞതിനാൽ ഇനി രാജ്യം വരേണമേ എന്നു പ്രാർത്ഥിക്കേണ്ടതില്ല. രാജ്യത്തിന്റെ വളർച്ചയ്ക്കും വ്യാപ്തിക്കും വേണ്ടി ക്രിസ്തുവിന്റെ നാമത്തിൽ നമുക്കു പ്രാർത്ഥിക്കാം (1 കൊരിന്ത്യർ1:2).

പ്രാർത്ഥന സംബോധന ചെയ്തിരിക്കുന്നതു പിതാവിനോടാണെന്നു നിങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. ആദ്യം ദൈവത്തിനു പുകഴ്ച്ച കൊടുക്കുന്നു.പിന്നെ സഭയുടെ അഥവാ രാജ്യത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു. ആ രാജ്യത്തിന്റെ ആവിർഭാവത്തിനു വേണ്ടി പ്രാർത്ഥിപ്പാൻ ശിഷ്യന്മാരോട് ആവശ്യപ്പെടുന്നുണ്ട്. ആനുകാലികവും ആത്മീയവുമായ ആവശ്യങ്ങളെ ദൈവത്തോട് അറിയിക്കണം.

രണ്ടാമതായി ഭൗതികവും ആത്മികവുമായ അനുഗ്രഹങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പറയുന്നുണ്ട്. മൂന്നാമതായി യേശു

പഠിപ്പിച്ചതു ക്ഷമയെ കുറിച്ചാണ്. അന്യോന്യം ക്ഷമിച്ചു കൊണ്ടു വേണം നാം ദൈവത്തോടു ക്ഷമായാചന നടത്തുവാൻ. നാം പരസ്പരം ക്ഷമിച്ചാൽ മാത്രമെ ദൈവം നമ്മോടു ക്ഷമിക്കയുള്ളൂ. അടുത്തതായി പരീക്ഷണങ്ങളെ അതിജീവിക്കാൻ ദൈവസഹായം ആവശ്യമാണ്. മോഹമാണ് പരീക്ഷണത്തിനു വിധേയമാക്കുന്നത്. അതു പാപത്തിലേയ്ക്കു നമ്മെ നയിക്കും. അതിൽ നാം വീണു പോകാതിരിക്കേണ്ടതിനു ദൈവം നമ്മെ താങ്ങേണ്ടതിനു പ്രാർത്ഥിക്കണം.

പിന്നീട് ദൈവത്തിനു ബലവും ശക്തിയും അർപ്പിക്കുന്നതു ദൈവത്തെ മഹത്വപ്പെടുത്തി പുകഴ്ത്തുന്നതിനു തുല്ല്യമാണ്.

വളരെ ചുരുങ്ങിയ പ്രാർത്ഥനയാണിത്. പക്ഷെ അതിൽ പ്രാർത്ഥനയ്ക്കാവശ്യമായ അടിസ്ഥാനവും പൊതുവായതുമായ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ വ്യക്തിപരമായ പ്രത്യേക ആവശ്യങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ നിന്നു പുറപ്പെടുമ്പോൾ ദൈവം നമുക്കായി കരുതുന്നു എന്ന ബോധ്യം നാം ദൈവത്തോട് അറിയിക്കുകയാണ്. ദൈവത്തെ പ്രസാദിപ്പിക്കുക എന്ന ലക്ഷ്യവും പ്രാർത്ഥനയിൽ അടങ്ങുന്നുണ്ട്.

രഹസ്യ പ്രാർത്ഥനയും പരസ്യ പ്രാർത്ഥനയുമുണ്ട് (ലൂക്കോസ് 9:18; പ്രവർത്തി 12:12). നാം നിൽക്കുന്ന സ്ഥലത്തു നിന്നു പ്രാർത്ഥിക്കാം(മർക്കോസ് 11:25). മുട്ടു കുത്തി പ്രാർത്ഥിക്കാം (പ്രവർത്തി 9:40). രാത്രിയും പകലും തുടർച്ചയായി പ്രാർത്ഥിക്കുന്നുണ്ട് (1 തെസലോനിക്യർ3:10). ഇടവിടാതെ പ്രാർത്ഥിക്കുവാനാണ് ദൈവം നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നത് (1തെസലോനിക്യർ5:17).

നിങ്ങൾ ഒരു ക്രിസ്ത്യാനിയാണോ? നിങ്ങൾ പ്രാർത്ഥിക്കുന്നുണ്ടോ? നിങ്ങളുടെ പ്രാർത്ഥനാമനോഭാവം എന്താണ്? നിങ്ങൾ വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നുണ്ടോ? ദൈവം നിങ്ങളെ സ്നേഹിക്കുന്നു എന്നും നിങ്ങളുടെ അപേക്ഷ കേൾക്കുവാൻ സന്നദ്ധനാണ് എന്നും അറിയുന്നുവോ?

നമ്മുടെ പിതാവിനോടു പ്രാർത്ഥന മുഖാന്തരം സമീപിക്കുവാൻ കഴിവുള്ള നാം എത്ര ഭാഗ്യമുള്ളവരാണ്? നാം അങ്ങനെ ചെയ്യുമ്പോൾ ദൈവം എത്ര ശക്തമായി നമ്മിൽ പ്രവർത്തിക്കും എന്നറിയുക.

★

# ആത്മനിയന്ത്രണമില്ലാതെ ക്രിസ്ത്യാനിത്വമില്ല

ചാൾസ് ബോക്സ്

ക്രിസ്തീയ ജീവിതത്തിന്റെ ശക്തമായ ഭാഗമാണ് ആത്മ നിയന്ത്രണം എന്നത്. അടിസ്ഥാന വിശ്വാസത്തോടു ചേർക്കാവുന്നതാണ് സ്വനിയന്ത്രണം എന്ന സ്വഭാവം. "അതു നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും, പരിജ്ഞാനത്തോടു ഇന്ദ്രിയ ജയവും, ഇന്ദ്രിയ ജയത്തോട് സ്ഥിരതയും, സ്ഥിരതയോടു ഭക്തിയും, ഭക്തിയോട് സഹോദര പ്രീതിയും, സഹോദര പ്രീതിയോട് സ്നേഹവും കൂട്ടി കൊൾവിൻ (2പത്രൊസ്1:5–7). ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവർ ഒരിക്കലും തിന്മ അവരുടെ യജമാനനാകാൻ അനുവദിക്കില്ല (റോമർ6:3–4).

"ആകയാൽ പാപം നിങ്ങളുടെ മർത്യ ശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാഴരുത്. നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി ദൈവത്തിനു സമർപ്പിച്ചു കൊൾവിൻ"(റോമർ6:12–13). കർത്താവിന്റെ ശരീരമാണ് സഭ. ആ സഭയിലുള്ള അംഗങ്ങൾ ഓരോരുത്തരും അനീതി പരിശീലിക്കുകയില്ല എന്നു തിരുവെഴുത്തു സാക്ഷ്യപ്പെടുത്തുന്നു. ഉത്തരവാദിത്വം നിറവേറ്റുവാൻ നമുക്കു ആത്മ നിയന്ത്രണം ആവശ്യമാണ്. ഇന്ദ്രിയങ്ങളെ ജയിക്കുവാൻ ദൈവ സഹായം നമുക്കാവശ്യമാണ്.

## എന്താണ് ആത്മ നിയന്ത്രണം

റോമിലുണ്ടായിരുന്ന സഹോദരന്മാരും എല്ലാ ക്രിസ്ത്യാനികളും ആത്മനിയന്ത്രണത്തിന്റെ പ്രാധാന്യം മനസിലാക്കണമെന്നു പൗലോസ് ആഗ്രഹിച്ചതു കൊണ്ടു വീണ്ടും എഴുതി. "നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവർത്തിയെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും" (റോമർ 8:113) . യേശു ക്രിസ്തു എന്ന കർത്താവിനു കീഴ്പ്പെട്ടു ശരീരത്തിന്റെ പ്രവർത്തികളെ നിയന്ത്രിക്കുക. അഥവാ

അച്ചടക്കത്തിൽ വരുത്തുക എന്നതാണ് ആത്മനിയന്ത്രണം. പ്രാർത്ഥനയാലും ദൈവ പരിജ്ഞാനത്താലും ക്രിസ്തീയ വിശ്വാസം പരിശീലിക്കുന്നതിനാലും ഇന്ദ്രിയ ജയം കൈവരിക്കാം. ക്രിസ്ത്യാനികൾ നന്മയും തിന്മയും വിവേചിക്കാൻ ദൈവ പരിജ്ഞാനം ഉപയോഗിക്കണം. നന്മ തിരഞ്ഞെടുത്തു പരിശീലിപ്പിച്ച് ശക്തിപ്പെടുത്തണം. "കട്ടിയായുള്ള ആഹാരം നന്മ തിന്മകളെ തിരിച്ചറിയുവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളൂ" (എബ്രായർ 5:14).

## എങ്ങനെ ഇന്ദ്രിയ ജയം നേടാം?

നമ്മുടെ സ്വന്ത ഇഷ്ടങ്ങളെ മാറ്റിക്കളഞ്ഞ് അഥവാ ക്രൂശീകരിച്ചു ഓരോ ദിവസവും കർത്താവിനെ അനുഗമിക്കണം. "പിന്നെ അവൻ എല്ലാവരോടും പറഞ്ഞു: എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തു കൊണ്ട് എന്നെ അനുഗമിക്കട്ടെ (ലൂക്കോസ് 9:23). ഈ ആത്മനിയന്ത്രണം, ശാരീരിക ഇച്ഛകളെ ക്രൂശിക്കുന്നതിലൂടെയാണ് വളരുന്നത്. "ക്രിസ്തുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു"(ഗലാത്യർ 5:24). പാപസ്വഭാവം നീക്കി കളഞ്ഞു ക്രിസ്തുവിനു കീഴ്പ്പെട്ടു ജീവിക്കുന്നതിനെയാണ് ക്രൂശിക്കുക എന്നു പറയുന്നത്. പൗലോസ് പറഞ്ഞു: "ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രനിലുള്ള വിശ്വാസത്താൽ അത്രെ ജീവിക്കുന്നത് (ഗലാത്യർ 2:20).

ന്യായവിധിയിൽ നാം ദൈവത്തിനു കണക്കു കൊടുക്കേണ്ടവർ ആണ് എന്ന ഉത്തരവാദിത്വത്തിൽ വേണം ഓരോ ക്രിസ്ത്യാനിയും ജീവിക്കുവാൻ. അതു തിരിച്ചറിഞ്ഞാൽ ആത്മ നിയന്ത്രണം ഒരു സ്വഭാവമാക്കി നാം എടുക്കും. അവ അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും ചീത്തയാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ

ന്യായാസനത്തിന്റെ മുൻപാകെ നിൽക്കേണ്ടതാകുന്നു (2കൊരിന്ത്യർ 5:10). നാം പറയുന്ന വാക്കുകൾക്കും ചെയ്യുന്ന പ്രവർത്തികൾക്കും നാം കണക്കുകൊടുക്കണം. അതുകൊണ്ട് അച്ചടക്കം ദൈവ ഭക്തിയുള്ള ഒരാൾക്ക് അത്യന്താപേക്ഷിതമാണ്.

## ആത്മ നിയന്ത്രണം ഇല്ലാതെ വരുമ്പോൾ

ഇന്ദ്രിയ ജയം ഇല്ലാതെ വന്നപ്പോഴാണ് ഹവ്വ, വിലക്കപ്പെട്ട കനി ഭക്ഷിച്ചതു. "ആ വൃക്ഷ ഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു, ഭർത്താവിനും കൊടുത്തു അവനും തിന്നു" (ഉല്പത്തി3:6). ആഖാൻ യെരിഹോവിൽ നിന്നു സ്വർണ്ണവും വെള്ളിയും എടുക്കാൻ കാരണം അവനു ആത്മനിയന്ത്രണം ഇല്ലാതിരുന്നതു കൊണ്ടാണ്. കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായ ബാബിലോൺ മേലങ്കിയും 200 ശേക്കൽ വെള്ളിയും 50 ശേക്കൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു മോഹിച്ചെടുത്തു. അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു. വെള്ളി അടിയിൽ എന്നു ആഖാൻ പറഞ്ഞു (യോശുവ7:21)

സുന്ദരിയായ ബേത്ത് ശേബയെ കണ്ടു മോഹിച്ച രാജാവു പാപത്തിനിരയായി "ഒരുനാൾ സന്ധ്യയാകാറായ സമയത്ത് ദാവീദ് മെത്തമേൽ എഴുന്നേറ്റ് രാജധാനിയുടെ മാളികയിൽ ഉലാത്തികൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നതു മാളികയിൽ നിന്നു കണ്ടു ആ സ്ത്രീ അതിസുന്ദരിയായിരുന്നു. ദാവീദ് ആളയച്ചു ആ സ്ത്രീയപ്പറ്റി അന്വേഷിച്ചു . അവൾ എലിയാമിന്റെ മകളും ഹിത്യനായ ഊരിയാവിന്റെ ഭാര്യയുമായ ബേത്ത് ശേബ എന്നറിഞ്ഞു. ദാവീദ് ദൂതന്മാരെ അയച്ചു അവളെ വരുത്തി അവൾ അവന്റെ അടുക്കൽ വന്നു. അവൾക്കു ഋതു ശുദ്ധി വന്നിരുന്നതുകൊണ്ട് അവൻ അവളോടുകൂടെ ശയിച്ചു. അവൾ തന്റെ വീട്ടിലേയ്ക്കു മടങ്ങി പോയി (2 ശമുവേൽ 11:2-4). ആത്മനിയന്ത്രണമില്ലെങ്കിൽ ആത്മാവിനെ വ്രണപ്പെടുത്തും

## ആത്മ നിയന്ത്രണം പരിശീലിക്കുമ്പോൾ

ആത്മ നിയന്ത്രണം പാലിച്ചു കൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് വലിയൊരു ദൈവദാസനായി തീർന്നത്. മറ്റുള്ളവരോടു

പ്രസംഗിച്ച ശേഷം ഞാൻ എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രെ ചെയ്യുന്നത്. പൊത്തിഫേറിന്റെ ഭാര്യയുടെ മോഹത്തിനിരയാകാതെ ഓടി പോകുവാൻ യോസേഫ് തുനിഞ്ഞത് ആത്മനിയന്ത്രണം കൊണ്ടാണ്. തന്റെ യജമാനന്റെ ഭാര്യയാണ് യോസേഫിനെ അവളോടു കൂടെ ശയിക്കാൻ നിർബന്ധിച്ചത്. ദൈവഭക്തനായ യോസേഫ് അവനെ ഒരിക്കലും പാപത്തിനു വിട്ടു കൊടുത്തില്ല. ദൈവത്തിനെതിരായി പാപം ചെയ്യാതിരിക്കേണ്ടതിന് തന്റെ വസ്ത്രം ഉപേക്ഷിച്ചു അവൻ ഓടിപോയി (ഉല്പത്തി 39:7–9)

അധ്യക്ഷന്മാർക്കു ഉണ്ടായിരിക്കേണ്ട യോഗ്യതകളിൽ ഒന്നാണ് ഇന്ദ്രിയ ജയം. കർത്താവിന്റെ സഭയെ നടത്തേണ്ടവർക്കു അച്ചടക്കം അനിവാര്യമാണ് "അതിഥി പ്രിയനും സൽഗുണപ്രിയനും, സുബോധ ശീലനും നീതിമാനും നിർമ്മദനും, ജിതേന്ദ്രിയനും" തുടങ്ങിയ മറ്റു ഗുണങ്ങളും ഉണ്ടായിരിക്കണം (തിത്തോസ് 1:8). ആത്മനിയന്ത്രണം പരിശീലിക്കുമ്പോൾ അതു നിങ്ങൾക്കു അനുഗ്രഹമായിതീരും. നിങ്ങളുടെ ജീവിതം മറ്റുള്ളവരെ സ്പർശിക്കയും ചെയ്യുന്നു.

## എവിടെ ക്രിസ്ത്യാനികൾ ഇതു പരിശീലിക്കേണം?

നല്ലതും ശരിയായതുമായ കാര്യങ്ങളിൽ വേണം ഇന്ദ്രിയ ജയം നടത്തുവാൻ (1) ഭക്ഷണത്തിൽ (2) സുഖഭോഗത്തിൽ (3)ചീട്ടുകളി (4) മദ്യപാനം (5)മോഷണം തുടങ്ങിയ അസംഖ്യം കാര്യങ്ങൾ ഉണ്ട്. ക്രിസ്ത്യാനികൾ വികാരത്തെയും നിയന്ത്രിക്കണം ദീർഘക്ഷമയുള്ളവൻ, മഹാബുദ്ധിമാൻ മുൻകോപിയോ ഭോഷത്വം ഉയർത്തുന്നു (സദൃശവാക്യങ്ങൾ14:29). ക്രിസ്ത്യാനികൾ തങ്ങളുടെ നാവിനേയും നിയന്ത്രിക്കണം. ആവശ്യമുള്ളപ്പോൾ മാത്രം സംസാരിക്കയും ആവശ്യമുള്ളതു മാത്രം സംസാരിക്കയും വേണം. "നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാൺ ഇടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചു കൊണ്ട് താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥമത്രെ (യാക്കോബ് 1:26).

ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ് ഇന്ദ്രിയ ജയം. പരിശുദ്ധാത്മാവ് ലഭിച്ചവരിൽ ആത്മ നിയന്ത്രണം ഉണ്ടാകും ഗലാത്യർ 5:23. ക്രിസ്തീയ കൃപകളിൽ ഒന്നാണ് ഇന്ദ്രിയ ജയം (2 പത്രൊസ്1:5–8). ഇതു ചെയ്താൽ നിങ്ങൾ ഒരു നാളും ഇടറിപ്പോകാതെ നമ്മുടെ

കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ നിത്യ രാജ്യത്തി ലേയ്ക്കുളള പ്രവേശനം ധാരാളമായി പ്രാപിക്കും (2 പത്രൊസ് 1:11). നമ്മുടെ ചിന്തകൾ ക്രിസ്തുവിന്റേതായി മാറാൻ ആത്മനിയന്ത്രണം ആവശ്യമാണ്. ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായവയെ ഇടിച്ചുകളഞ്ഞു സകലവിചാരങ്ങളും സങ്കല്പങ്ങളും മാറ്റി ക്രിസ്തു വിനെ അനുസരിക്കുവാനായി നിയന്ത്രിക്കണം (2 കൊരിന്ത്യർ 10:5).

★

## എല്ലാം പ്രമാണിക്കൽ

### കെവിൻ - കോളെ

മത്തായി 28:18-20 വരെയുളള വേദഭാഗങ്ങളിൽ ഈ വാക്കുകൾ കാണുന്നു. ഉയിർത്തെഴുന്നേറ്റ യേശു അപ്പോസ്തലന്മാരുടെ അടുക്ക ൽ വന്നു പറഞ്ഞു, "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാ വിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാ നം കഴിപ്പിച്ചും ഞാൻ കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവ ണ്ണം സകല ജാതികളേയും ശിഷ്യരാക്കികൊൾവിൻ . ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട് എന്നരു ളി ചെയ്തു" (മത്തായി 28:18-20).

തിരുവെഴുത്തിലെ ഈ വേദഭാഗത്തിന്റെ സാർവ്വ ലൗകികത ആർക്കും നിഷേധിക്കാവുന്നതല്ല. "സകല അധികാരവും തനിക്കു നല്കപ്പെട്ടിരിക്കുന്നു എന്നാണ് യേശു പറഞ്ഞു തുടങ്ങിയത്. കുറ ച്ചു അധികാരം എന്നല്ല മതപരമായ അധികാരം മാത്രം എന്നല്ല, ധാർ മ്മികമായ അധികാരം മാത്രം എന്നല്ല, എന്നാൽ സകല അധികാരവും എന്നാണ് പറഞ്ഞിരിക്കുന്നത്. ക്രിസ്ത്യാനിയുടെ ജീവിതം യേശുവി ന്റെ അധികാരത്തിൽ വരുന്നതാണ്. അതു തന്നെയാണ് യേശുവിനെ കർത്താവായി വെച്ചിരിക്കുന്നു എന്നു പറയുന്നത്. ലോകത്തിൽ ജീവിച്ചു കൊണ്ട് ഒരാൾക്കു ക്രിസ്ത്യാനിയായി ജീവിക്കാമെന്നു ളളതാണ് ക്രിസ്തീയ അധികാരത്തിന്റെ പ്രത്യേകത.

സകല ജാതികളേയും ശിഷ്യന്മാരാക്കി കൊൾവി ൻ എന്നാണ്

അടുത്തതായി കർത്താവു പറഞ്ഞത്. മറ്റൊരു സാർവ്വ ലൗകിക കല്പന. നിങ്ങളെ കേൾക്കുന്ന ദേശത്തുള്ളവരെ ശിഷ്യരാക്കി കൊൾവിൻ എന്നല്ല യേശു പറഞ്ഞതു. പിന്നെയോ എല്ലാവരേയും ഉൾപ്പെടുത്തിയാണ് കല്പിച്ചത്. ബൈബിൾ ഇല്ലാത്ത ജാതികളെ വിട്ടു കളവാനും പറഞ്ഞിട്ടില്ല. സകല ജാതികളേയും ശിഷ്യരാക്കുവാനാണ് . അപ്പൊസ്തലന്മാരെ മൊത്തത്തിൽ ഇതു ഭരമേല്പിക്കുകയാണ് ചെയ്തത്. സകല ജാതികളെയും സുവിശേഷം അറിയിക്കേണ്ട ജോലി എല്ലാവരുടെയും കടമയാണ്. കുറച്ചു പേർ മാത്രം ചെയ്യേണ്ടതല്ല; എല്ലാവരും ചെയ്യണം. സുവിശേഷം കേൾക്കാത്തവർ എങ്ങനെയെങ്കിലും രക്ഷപ്രാപിക്കും എന്നു കരുതിയിരിക്കേണ്ടവർ അല്ല ക്രിസ്ത്യാനികൾ. സത്യ വചനം എല്ലാവരോടും അറിയിക്കേണ്ട ജോലി ക്രിസ്തുവിന്റെ പരിജ്ഞാനം ലഭിച്ചവർക്കാണ്.

എങ്ങനെ ശിഷ്യന്മാരെ ഉണ്ടാക്കണമെന്ന് യേശു അപ്പൊസ്തലന്മാരോടു പറഞ്ഞിരുന്നു. സ്നാനപ്പെടുത്തി അവരെ ഉപദേശിക്കണം. അപ്പൊസ്തലന്മാർ തങ്ങളുടെ ജീവിതത്തിൽ ഇതു പ്രായോഗികമാക്കി. ഇതിൽ നിന്നു ഒഴിഞ്ഞു മാറാവുന്നതായിരുന്നില്ല. പഠിപ്പിക്കാതെയോ സ്നാനമേൽക്കാതെയോ ആർക്കും ശിഷ്യനായി തീരാൻ സാധ്യമല്ല. ക്രിസ്ത്യാനികളിൽ നിക്ഷിപ്തമായ ഈ കല്പന മനുഷ്യജാതി എവിടെയെല്ലാം ഉണ്ടോ അവിടെയെല്ലാം പ്രായോഗികമാക്കണം. ക്രിസ്തു ഉപദേശിച്ചതൊക്കെയും പ്രമാണിപ്പാൻ എല്ലാവരേയും ശിഷ്യന്മാരാക്കണം അതിൽ ആർക്കും ഒഴിവു കഴിവില്ല. സർവ്വലോകത്തിനും ഈ കല്പനകൾ ആവശ്യമാണ്. അതിൽ ഒന്നും മാറ്റേണ്ടതില്ല. എന്നേയ്ക്കും ആളുകൾ പ്രമാണിക്കുവാൻ തന്നിട്ടുള്ളതാണ്. കർത്താവിന്റെ രണ്ടാം വരവു വരെ തുടരേണ്ടതാണ്.

ഈ വേദഭാഗത്തിൽ നാം തിരിച്ചറിയാതെ പോകുന്ന നിർദ്ദേശങ്ങളെ എടുത്തു കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ക്രിസ്ത്യാനികളായി തീരുന്നതിനു മുമ്പുതന്നെ ക്രിസ്തു പഠിപ്പിച്ചതെല്ലാം പഠിപ്പിക്കണമെന്നല്ല പറഞ്ഞിരിക്കുന്നത്. എന്നാൽ ക്രിസ്തുവിന്റെ കല്പനകളെല്ലാം പ്രമാണിക്കുവാൻ ഉപദേശിച്ചു കൊണ്ട് ശിഷ്യരാക്കുവാനാണ് പറഞ്ഞിരിക്കുന്നത്. ചിലർ തെറ്റായി ധരിച്ചു വച്ചിരിക്കുന്നു എന്നു സമ്മതിക്കാതെ വയ്യ. വളരെ പെട്ടെന്നു പഠിപ്പിക്കുവാൻ പര്യാപ്തമാ

യതുമാണ് ദൈവത്തിന്റെ രക്ഷാപദ്ധതി. ക്രിസ്ത്യാനി ആകുന്നതിനു മുമ്പ് വിശ്വസ്തമായി ക്രിസ്തീയ ജീവിതം നയിക്കേണ്ടതെങ്ങനെ എന്നു ബോധ്യപ്പെടുത്തി കൊടുക്കാം. തുടർച്ചയായി അവർ കർത്താവിന്റെ പരിജ്ഞാനം പഠിച്ചു വളരണം. എല്ലായ്പ്പോഴും അവർ കർത്താവിന്റെ ഉപദേശത്തിൽ നിലനിൽക്കേണ്ടതും അനിവാര്യമാണ്. ചിലർ സ്നാനം കൊടുക്കുവാൻ താമസിക്കുന്നതിന്റെ ഒരു കാരണം ഇതാണ്

കർത്താവിനെ അനുസരിക്കേണ്ടതു രക്ഷയ്ക്കു ആവശ്യമാണ്. അനുസരിക്കേണ്ട കാര്യങ്ങളിൽ ആളുകൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. കാൽ കഴുകൽ അനുസരിക്കാൻ പ്രേരിപ്പിക്കുന്നു. ആഭരണം ഊരൽ അനുസരിപ്പിക്കുന്നു, സ്ത്രീകൾ തലയിൽ മൂടുപടം ഇടുവാൻ അനുസരിപ്പിക്കുന്നു. ചിലർ വിശുദ്ധ ചുംബനവും ആചരിക്കുവാൻ പറയുന്നു. കർത്താവു കല്പിച്ചിട്ടുള്ള കാര്യങ്ങളിൽ പ്രാധാന്യം കൊടുക്കാതെ ലൗകികമായ അല്ലെങ്കിൽ സമ്പ്രദായമായ കാര്യങ്ങൾ ചെയ്യിക്കുന്നു. പക്ഷെ പ്രയോജനപ്രദമായ നീതി, കരുണ, ദയ, സ്നേഹം എന്നിവയെ ആളുകൾ അവഗണിക്കയുമാണ്. ആളുകളുടെ ചിന്തയ്ക്കു സാരമായ കുഴപ്പം സംഭവിച്ചിരിക്കയാണ്. മനുഷ്യ ജീവിതത്തെ വിശുദ്ധീകരിക്കുന്ന സത്യവചനത്തെയാണ് ആളുകൾ പ്രവർത്തിയിൽ കൊണ്ടുവരേണ്ടത്.

കർത്താവിന്റെ കല്പനകളിൽ ചിലതു സ്ത്രീകളോടു ചെയ്യുവാൻ പറഞ്ഞിട്ടുണ്ട്. അതു പുരുഷന്മാർ അനുസരിക്കേണ്ടതില്ല. ചില കല്പനകൾ പുരുഷന്മാരോടു കല്പിച്ചിട്ടുണ്ട്. അതു സ്ത്രീകളും പാലിക്കേണ്ടതില്ല. ഭാര്യമാരോടു തങ്ങളുടെ ഭർത്താക്കന്മാർക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കണം എന്നു പറഞ്ഞിരിക്കുന്നതു പുരുഷന്മാർ ചെയ്യേണ്ടതിനല്ല (എഫെസ്യർ 5:22). ഇതു എനിക്കു മറ്റുള്ളവരെ പഠിപ്പിക്കാൻ കഴിയും. കർത്താവിനെ പ്രസാദിപ്പിക്കുന്നവർ അവനു കീഴ്പ്പെട്ടിരിക്കും. കർത്താവു കല്പിച്ചിട്ടുള്ള കല്പനകൾ വിവേചിക്കും. കർത്താവിന്റെ മഹത്തായ ആജ്ഞ കർത്താവു കല്പിച്ചിട്ടുള്ളതു എല്ലാവർക്കും വേണ്ടിയാണ്. പക്ഷെ അതു തരം തിരിച്ച് മനസ്സിലാക്കി വേണം ഓരോരുത്തരും അനുസരിക്കുവാൻ

ഒരാൾ മറ്റൊരാളുടെ കാൽകഴുകുന്നു എന്നു വിചാരിക്കുക.

അതു ദിവസവും ചെയ്യേണ്ടേ? (യോഹന്നാൻ 13:14). എന്നാൽ യേശു പഠിപ്പിച്ച മാതൃകയെ മന:പൂർവ്വം മാറ്റികളയുകയാണ് ഇത്തരം അക്ഷരികവാദികൾ ചെയ്യുന്നതു. ഉദ്ദേശത്തെ അവർ മനസ്സിലാക്കാതെ പോകുന്നു. ആ പ്രദേശത്തെ ആചാരമായ ഒരു പ്രവർത്തി എടുത്തു കൊണ്ട് യേശു ശിഷ്യന്മാരെ ഒരു പാഠം പഠിപ്പിക്കുകയാണ് ചെയ്തത്. വേറൊരു രീതിയിൽ പറഞ്ഞാൽ ഉപമകൾ യേശു പഠിപ്പിക്കുന്നതിന്റേയും ഉദ്ദേശം അതിലടങ്ങിയിരിക്കുന്ന തത്വം അവരെ പഠിപ്പിക്കുവാൻ വേണ്ടി ഉപയോഗിച്ചതാണ്. സ്ത്രീകൾ ഭർത്താക്കന്മാർക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കട്ടെ എന്നു പറയുന്നതു അധികാരത്തിനു കീഴ്പ്പെട്ടിരിക്കണം എന്നു കാണിക്കുകയാണ്. തലയിൽ മൂടുപടം ഇട്ടു പ്രാർത്ഥിക്കണമെന്നു പറയുന്നതു അധികാരത്തെ മാനിക്കുവാനാണ്.

കർത്തൃമേശ സ്ഥാപിച്ചു കൊണ്ടു കർത്താവു പറഞ്ഞതു, "എന്റെ ഓർമ്മയ്ക്കായി ഇവ്വണ്ണം ചെയ്‌വിൻ എന്നാണ്"(1 കൊരിന്ത്യർ 11:24,25). അക്ഷരികമായി എടുക്കേണ്ടതെന്തെന്നും ആത്മീയമായി എടുക്കേണ്ടതെന്തെന്നും തിരിച്ചറിയുകയാണ് പ്രധാനം. ഉദാഹരണമായി, മാതൃകയായി പറഞ്ഞിരിക്കുന്നവയുണ്ട്. ഓരോരുത്തരും ശരിയായി ബൈബിൾ വായിച്ച് മനസ്സിലാക്കി ജീവിതത്തിൽ അവയുടെ ഉദ്ദേശം നിറവേറ്റണം. വചനം ശക്തമാണ്. പക്ഷെ അർത്ഥ ശൂന്യമായി അവയെ ഉപയോഗിച്ചാൽ അതിന്റെ ശക്തി അനുഭവിക്കുവാൻ സാദ്ധ്യമല്ല.

★

## വിവാഹമോചനവും പുനർവിവാഹവും

ഫ്രാൻസിസ് ഡേവിഡ്

കുടുംബ ജീവിതം ഛിന്നഭിന്നമായി കൊണ്ടിരിക്കുന്ന കാലയളവിലാണ് നാം ജീവിക്കുന്നത്. പണ്ട് വിരളമായി കേൾക്കാവുന്ന വിവാഹമോചനം ഇന്നു വളരെയധികം സംഭവിക്കുന്നുണ്ട്. കുടുംബ കോടതി തന്നെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ രൂപപ്പെടുത്തിയിരിക്കുന്നു. മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ഭാര്യയെ ഉപേക്ഷിക്കുന്നതിനെ കുറിച്ചു ധാരാളം ചോദ്യങ്ങൾ ഉന്നയി

ക്കുന്നുണ്ട്. "പരീശന്മാർ അവന്റെ അടുക്കൽ വന്നു ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നതു വിഹിതമോ എന്നു അവനെ പരീക്ഷിച്ചു ചോദിച്ചു. അതിനു അവൻ സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തം മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ടു ഭാര്യയോടു പറ്റി ചേരും. ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളി ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ, ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർ പിരിക്കരുത് എന്നു ഉത്തരം പറഞ്ഞു" (മത്തായി 19:3-6).

നിസ്സാരമായ കാരണത്തെ ച്ചൊല്ലി ഭാര്യയും ഭർത്താവും തമ്മിൽ വേർപിരിയുന്ന സാഹചര്യം ഇന്നു വിരളമല്ല. സഹനശക്തി കുറഞ്ഞു വരികയാണെന്നു തോന്നുന്നു. വിവാഹത്തിലേക്കു പ്രവേശിക്കുന്നവർ അതിനു മുൻപ് ശരിയായ അറിവോ പക്വതയോ ഇല്ലാത്തവരായതുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുണ്ട്. കാര്യങ്ങൾ വിവേചിക്കാൻ അവർക്കു കഴിവില്ല. സ്വന്തം താല്പര്യങ്ങളെ മാത്രം കാണുന്നവർ മറ്റൊരാളുടെ വികാരത്തെയും താല്പര്യങ്ങളേയും മാനിക്കാതിരിക്കുന്നു. വിട്ടുവീഴ്ച ചെയ്യേണ്ട കാര്യങ്ങളിൽ അവർ വിട്ടു വീഴ്ച ചെയ്യുന്നില്ല. പരസ്പരം കാര്യങ്ങൾ തുറന്നു പറയാതിരിക്കുന്നതും തെറ്റിദ്ധാരണയും അവരെ തമ്മിൽ അകറ്റുന്നു. തുറന്ന ആശയ വിനിമയം അകൽച്ച ഒഴിവാക്കുവാൻ സഹായിക്കും. ഒരു ദേഷ്യത്തിനു കിണറ്റിൽ ചാടിയാൽ എത്ര മടങ്ങു കോപം ഉണ്ടെങ്കിലും അതിൽ നിന്നു കയറാൻ സാദ്ധ്യമല്ലല്ലൊ. അതിരു കവിഞ്ഞ സംസാരം ചിലരെ അപകടത്തിൽ പെടുത്തുന്നു. പ്രശ്നങ്ങൾ പല വിധത്തിലും വന്നേക്കാം. പക്ഷെ അതു പരിഹരിക്കാതെ വെച്ചു കൊണ്ടിരുന്നാൽ സംഗതി വഷളാകും.

വളരെ ആലോചിച്ചു തീരുമാനിക്കേണ്ട ഒന്നാണ് വിവാഹം. രണ്ടു വ്യക്തികൾ അനുഭവ സമ്പത്തുള്ള മാതാപിതാക്കളുടെ തീരുമാന പ്രകാരമുള്ള ഒരു തെരെഞ്ഞെടുപ്പാണ് നടത്തേണ്ടതു. വിവാഹത്തിനു പ്രായമായവർ തെരെഞ്ഞെടുക്കുന്ന പങ്കാളിയുടെ സ്വഭാവത്തിനു മുൻ തൂക്കം കൊടുക്കാതെയുള്ള ബന്ധത്തിനു ഉലച്ചിൽ തട്ടിയേക്കാം. ഇന്നു സമൂഹം വില കല്പിക്കുന്നത്

പണത്തിനാണ്. ഉദ്യോഗം നോക്കുന്നവരും പണത്തെയാണ് നോക്കുന്നത്. അടിസ്ഥാനപരമായി അവർ പരാജയപ്പെടുവാനുള്ള കാരണം ഇതാണ്. പണത്തെ അവർ വിവാഹ ജീവിതത്തിൽ അതിപ്രാധാന്യം കൊടുത്തു കഴിയുന്നതോടെ അവർക്കിടയിൽ പ്രശ്നം വരാൻ തുടങ്ങും. ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും കാരണമല്ലോ (1തിമൊഥെയോസ് 6:10). ഭർത്താവ് ഒരു സ്ഥലത്തും ഭാര്യ വേറൊരു സ്ഥലത്തും ജോലിയിലായിരുന്നാലും അവർക്കിടയിൽ പ്രശ്നങ്ങൾ കടന്നു വരും. കുട്ടികൾ ഉണ്ടാകുമ്പോൾ അതു വീണ്ടും രൂക്ഷമാകും. അന്യോന്യം ബന്ധം സൂക്ഷിക്കുവാനുള്ള ദൈവ കല്പനയാണ് ഭാര്യയ്ക്കും ഭർത്താവിനും ആവശ്യം പരസ്പര സമ്മതത്തോടെ പ്രാർത്ഥിപ്പാനല്ലാതെ ഭാര്യ ഭർത്താവിനേയും ഭർത്താവ് ഭാര്യയേയും പിരിഞ്ഞിരിക്കരുത്. ഇതാണ് ദൈവത്തിന്റെ നിയമം (1 കൊരിന്ത്യർ 7:5).

യുവാക്കൾ സ്വയം തിരഞ്ഞെടുക്കുന്ന പങ്കാളികൾ വിവാഹ ശേഷം വിശ്വാസം നഷ്ടപ്പെടാനിടയുണ്ട്. അമിത പ്രതീക്ഷകളാണ് മറ്റൊരു കാരണം. മറ്റുള്ളവരുടെ സംസാരത്തിനു വിധേയരാകുന്നവരും ഇതിൽ കുടുങ്ങി തോറ്റു പോകും. ഒത്ത തുണയായിട്ടാണ് പുരുഷനു ഭാര്യ ആകേണ്ടതു. ദൈവത്തിന്റെ ആലോചനയിൽ തീരുമാനിക്കപ്പെടണം. എന്തുകൊണ്ടു ഞാൻ അയാളെ പങ്കാളിയാക്കണം എന്നതിനു വചന പ്രകാരം ഉത്തരം കണ്ടെത്തണം. തിരുവെഴുത്തു പറയുന്ന കാരണത്താലായിരിക്കണം വിവാഹം കഴിക്കേണ്ടതു. പ്രായോഗികമായ നിർദ്ദേശങ്ങൾ ബൈബിളിൽ നിന്നു ഉൾക്കൊണ്ടു കുടുംബ ജീവിതത്തിലേയ്ക്കു പ്രവേശിക്കണം. നിങ്ങളുടെ കുടുംബ ജീവിതത്തെ നയിക്കേണ്ടതു നിങ്ങളുടെ കുടുംബനാഥനായിരിക്കണം. ദൈവമല്ലാതെ മറ്റാരും നിങ്ങളുടെ കുടുംബ ജീവിതം നയിക്കുവാൻ അനുവദിക്കരുത്. അങ്ങനെ അനുവദിച്ചാൽ അടി തെറ്റിപ്പോകും. വചന പ്രകാരമായിരിക്കണം നിങ്ങൾ കുടുംബ ജീവിതം നയിക്കേണ്ടത്.

ക്രിസ്തുവിന്റെ സഭയിലുള്ള വിശ്വസ്തരായ പങ്കാളികളെ മാത്രം തിരഞ്ഞെടുക്കുക. കാരണം അവർ ദൈവ വചനം പഠിക്കുന്നവരും അതു പരിശീലിക്കുന്നവരും ആയിരിക്കും. അപ്പോൾ പിന്നെ

യോജിച്ചു പോകുന്നതിനു പ്രയാസം നേരിടുകയില്ല. ക്രിസ്ത്യാനികൾക്കിടയിലും പ്രശ്നങ്ങളും പരീക്ഷണങ്ങളും ഉണ്ടാകും. വ്യത്യാസം എന്തെന്നാൽ അവർക്ക് അതു പരിഹരിക്കാൻ കഴിയും എന്നതാണ്. നമ്മുടെ ബുദ്ധിയെക്കാൾ ദൈവത്തിന്റെ ബുദ്ധിയെ ഉപയോഗിക്കാൻ അവർക്കു കഴിയും. ആത്മിക ജീവിതം നയിക്കുവാൻ അവർക്കു കഴിയും. ആത്മിക ജീവിതം നയിക്കുവാൻ എളിമപ്പെടുന്നവർക്കു വ്യത്യാസങ്ങൾ തുറന്നു പറഞ്ഞു വിലയിരുത്തുവാൻ കഴിയും.

കുടുംബ പശ്ചാത്തലം നോക്കണം എന്നു പറയുമ്പോൾ ആൺകുട്ടിയുടേയോ പെൺകുട്ടിയുടേയോ മാതാപിതാക്കളുടെ സ്വഭാവരീതി കുട്ടികളെ സ്വാധീനിക്കാറുണ്ട്. സ്നേഹം ലഭിക്കാത്തവരോ മാതാപിതാക്കളുടെ ക്രൂര സ്വഭാവം കണ്ടു വളർന്ന കുട്ടികളോ ആണെങ്കിൽ ഭാവിയിൽ നിയന്ത്രണമില്ലാത്തവരായിതീരും എന്നു കാണാം. ശണ്ഠയുള്ള മാതാപിതാക്കളുടെ സ്വഭാവം കണ്ടു വളരുന്ന കുട്ടികൾ അവരുടെ ജീവിതത്തിൽ ഇതിന്റെ പ്രതിധ്വനി കാണിക്കും. അതുകൊണ്ട് ദൈവഭയവും ദൈവ ഭക്തിയുമുള്ള പങ്കാളി തന്നെയാണ് ഉത്തമം. അല്ലാത്തവർക്കു അടിസ്ഥാനം ഇല്ലാത്തതുകൊണ്ട് അവർ വീണു പോകും.

വിവാഹത്തിനു മുൻപു തന്നെ അതൊരു നീണ്ട ഉടമ്പടിയാണെന്നു മനസ്സിലാക്കുക. മുൻഗണന ആത്മീയ കാര്യങ്ങൾക്കു നൽകുക. എടുത്തു ചാടി തീരുമാനത്തിൽ എത്താതിരിക്കുക. സത്യസന്ധതക്കും വിശ്വസ്തതയ്ക്കും പ്രാധാന്യം കൊടുക്കണം ബാഹ്യമായ സൗന്ദര്യത്തെക്കാൾ ആത്മിക സൗന്ദര്യത്തിനു ഊന്നൽ കൊടുക്കുക. ഭൗതിക സമ്പത്തിനേക്കാൾ സ്വർഗ്ഗീയ നിക്ഷേപമുള്ള വ്യക്തിയെ കണ്ടെത്തുക. പൂർണ്ണ ഗൗരവത്തോടെയും സമർപ്പണത്തോടെയും ദാമ്പത്യ ജീവിതത്തിലേയ്ക്കു പ്രവേശിക്കുക. വിവാഹം എല്ലാവർക്കും മാന്യമാണ്. പക്ഷെ കിടക്ക നിർമ്മലമായിരിക്കണം. (എബ്രായർ 13:4). നിത്യമായ ഒരു ബന്ധം വേണമെന്ന ഒരു ചിന്തയോടെ വിവാഹത്തെ കണക്കാക്കുക. പാപം ഇല്ലാതാക്കുവാനാണ് തിരുവെഴുത്തിൽ വിവാഹം വച്ചിരിക്കുന്നത്. പക്ഷെ അതിനെതിരായി പ്രവർത്തിക്കുന്നവർ ദൈവ കോപത്തിനിരയാകും. അന്തഃഛിദ്രത്തി

നും കലഹത്തിനും വിവാഹമോചനത്തിനും പുനർവിവാഹത്തിനുമെല്ലാം കാരണം അതാണ്. ദൈവത്താൽ അനുഗ്രഹിക്കപ്പെടുന്ന ക്രിസ്തീയ കുടുംബ ജീവിതത്തിന് നിങ്ങൾ ദൈവകരങ്ങളിൽ നിങ്ങളെ തന്നെ ഭരമേല്പിക്കുക.

*സ്ത്രീകൾക്കു വേണ്ടി*

## തെറ്റായ തീരുമാനങ്ങളും നിത്യ ഫലങ്ങളും
## എനിക്കു ദൈവം ആവശ്യമില്ല

ബെറ്റി ബർട്ടൺ ചോട്ട്

നാം ജീവിക്കുന്ന ഭൗതിക ലോകത്തിൽ ഭൂരിഭാഗം ആളുകളും തീരുമാനം എടുക്കുന്നവരാണ്. മതം ആവശ്യമില്ല, ദൈവം ആവശ്യമില്ല എന്നെല്ലാം പറയുന്നവരുണ്ട്. മതപരമായ കാര്യങ്ങൾ ചർച്ച ചെയ്യുവാനോ, ശരിയും തെറ്റും വിവേചിക്കാനോ അവർ തയ്യാറാവുന്നില്ല.

മതമെന്നതു ഒരു തടവറയാണ്, പൗരോഹിത്യ വ്യവസ്ഥയാണ്, ശവപ്പെട്ടിയുടെ ഒരുക്കത്തിനു വേണ്ടിയുള്ള ദശാംശം നല്കുന്നതു, പാരമ്പര്യ സിദ്ധാന്തവും എല്ലാം തന്നെ മതം നല്കുന്ന മറ്റൊരു ജീവിതം എന്ന മിഥ്യക്കുവേണ്ടിയാണ് എന്നു കരുതുന്നു. അവർ പറയുന്നതു ശരിയാണെങ്കിൽ മതത്തിന്റെ ആവശ്യമില്ല എന്നു മാത്രമല്ല, മതം കൂടാതെ അവരുടെ ജീവിതം ശ്രേഷ്ടമായി തീരുമല്ലോ. അവർ സ്വതന്ത്രരായി വിഹരിക്കുന്നവരാണല്ലോ.

മതമെന്ന ചോദ്യത്തിനു രണ്ടു വശങ്ങൾ ഉണ്ട്. തന്നെ സ്നേഹിക്കുന്ന ആളുകളുമായി ദൈവം നല്ലൊരു ബന്ധം പുലർത്താൻ ആഗ്രഹിക്കുന്നു. അവന് അവരോടുള്ള കരുതലും സ്നേഹവും അവരുടെ ഉയർച്ചയ്ക്കു വേണ്ടിയുള്ള സഹായവും ലോകത്തിനു അവൻ നല്കിയതായ ദൈവികഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എങ്കിലും സാത്താൻ മനുഷ്യർക്കു സഹായം ആവശ്യമാണെന്നു തിരിച്ചറിയുന്നുണ്ട്. അതുകൊണ്ട് അവൻ ആളുകളെ തെറ്റിധരിപ്പിക്കുവാൻ സ്നാനമെന്നു തോന്നിപ്പിക്കുന്ന ആശയം ആളുകളിൽ

ജനിപ്പിക്കും അങ്ങനെ ആളുകൾ സത്യ ദൈവത്തേയും ദൈവിക സത്യത്തെയും അറിയാതെ തെറ്റു വിശ്വസിക്കാൻ ഇടയാകും. അതാണ് ഇന്നു സമൂഹം നേരിടുന്ന പ്രശ്നം.

ലോകത്തിലെ മതങ്ങൾ എല്ലാം ആളുകളിൽ എന്താണ് ജനിപ്പിക്കുന്നത്, ക്രിസ്ത്യാനിത്വം, യഹൂദമതം, ബുദ്ധമതം, ഇസ്ലാം, താവോയിസം, സൊറാസ്റ്ററിയനിസം, കത്തോലിസം, പ്രൊട്ടസ്റ്റന്റിസം. അങ്ങനെ ആളുകൾ പിൻപറ്റുന്ന മത സംഘടനകൾ എണ്ണിയാൽ തീരുകയില്ല. ഓരോ മതവും ഓരോ ദൈവത്തെയാണ് എടുത്തു കാണിക്കുന്നത്. വ്യത്യസ്ത വിശ്വാസ വ്യവസ്ഥയാണ് ഓരോന്നിനും ഉള്ളത്. ഒരാളുടെ ജീവിതത്തിൽ വരുന്ന പാപങ്ങൾക്കുള്ള പരിഹാരവും വ്യത്യസ്തമാണ്. അതുകൊണ്ടു ഏതു മതമാണ് വാസ്തവത്തിൽ ദൈവത്തിൽ നിന്നുള്ളത് എന്നു ഒരാൾക്ക് എങ്ങനെ അറിയാം? ഏതാണ് സാത്താൻ പ്രചരിപ്പിച്ചിട്ടുള്ള വ്യാജമതമെന്ന് ഒരാൾക്ക് എങ്ങനെ അറിയാം? സത്യം ഒന്നേ ഉള്ളു. അതാണ് എല്ലാവർക്കും ആവശ്യം.

ഈ കലക്കമുള്ള വ്യത്യസ്ത മനോഭാവത്തിലായിരിക്കുന്ന സ്ഥിതി നിരവധി പേരിൽ ആശയകുഴപ്പം ഉണ്ടാക്കിയിരിക്കയാണ്. അനവധി ആളുകൾ ദൈവം ആവശ്യമില്ല എന്ന നിഗമനത്തിൽ എത്തുവാൻ കാരണങ്ങളിൽ ഒന്ന് ഇതാണ്. ഈ ഭൗതിക ലോകത്തിൽ ഭൗതികമായി ജീവിച്ചു കളഞ്ഞേക്കാം എന്ന ചിന്തയാണ് അവർക്കുള്ളത്.

എന്നാൽ ഈ നിഗമനം ശരിയാണോ? എന്തും തിരഞ്ഞെടുക്കുവാൻ മനുഷ്യർക്കു സ്വാതന്ത്ര്യമുണ്ട്. പക്ഷെ നാം തിരഞ്ഞെടുക്കുന്നതിന്റെ ഫലം നാം തന്നെ അനുഭവിക്കണം. ദൈവമില്ലാത്ത സമൂഹവും ദൈവമില്ലാത്ത മനുഷ്യ ജീവിതവും ദൈവ ബുദ്ധിയിൽ രൂപപ്പെടുത്തിയിരിക്കുന്നതിനേക്കാൾ നന്നാകുന്നുണ്ടോ എന്നു ചിന്തിക്കണം. എല്ലാത്തിനും ഒരടിസ്ഥാനം ആവശ്യമാണ്.

ലോകത്തിലെ ജനങ്ങളുടെ വിശ്വാസങ്ങളും മാനുഷിക ചിന്താഗതിയുടെ ഫലങ്ങളും ദൈവികത്വമില്ലാതെ നയിക്കുന്നതു തന്നെ ഒരു മതമാണ്. അവർ പറയുന്നതു മനുഷ്യരേക്കാൾ വലുതായി മറ്റൊന്നുമില്ല. ജീവിതത്തിൽ നിയമാവലികൾ ഉണ്ടാക്കുന്നതടക്കം എല്ലാ കാര്യങ്ങൾക്കും അവർക്കു തന്നെയാണ് അവകാശം എന്നത്രെ അവരുടെ നിലപാട്.

മനുഷ്യത്വ വാദഗതിക്കാരുടെ ലക്ഷ്യം എന്താണ്? അവരുടെ സിദ്ധാന്ത രൂപരേഖ എന്നതനുസരിച്ച് വാസ്തവത്തിലുള്ള തെറ്റും ശരിയുമില്ല, സത്യത്തിൽ ഒരു പൂർണ്ണതയുമില്ല. ധാർമ്മികത്വം, മൂല്യം വിവാഹം, കുടുംബ ബന്ധം എന്നിവയിൽ ഒരു നിയമവും നിലനിൽക്കുന്നില്ല.

ഇവരുടെ ഈ രീതിയനുസരിച്ച് ദോഷത്തിനും വഞ്ചനയ്ക്കും അനുവാദം കൊടുക്കുന്നു. ഇതു വ്യക്തിപരമായ പ്രയോജനത്തിനു വേണ്ടിയാണെന്നു വിചാരിച്ചേക്കാം. പക്ഷെ ഇതിനിരയാകുന്നവർ അതിനെ എതിർക്കുന്നവരും മുന്നോട്ടു വരും. നിയമമില്ലാതെ ഒരു രാജ്യത്തിനോ സമൂഹത്തിനോ നിലനിൽക്കാനാവുകയില്ല. ഗർഭഛിദ്രം, വ്യഭിചാരം, കുലപാതകം സ്വവർഗ്ഗരതി, ബാല്യ ലൈംഗിക പീഢനം, വിവാഹമോചനം എന്നിവ തെറ്റല്ലെന്നു വാദിക്കുന്നവർ അതിന്റെ ഫലം അനുഭവിക്കുന്നതിനെ കുറിച്ചു ചിന്തിക്കാത്തവരാണ്. മനുഷ്യനു എന്തും പറയുവാനും പ്രവർത്തിക്കുവാനും ഉള്ള സ്വാതന്ത്ര്യം നൽകുന്നത് അരാചകത്വവും അക്രമവും, കുലയും വ്യഭിചാരവും വർദ്ധിപ്പിക്കുകയേ ഉള്ളു.

മനുഷ്യനു ഒരു വഴി ചൊവ്വായി തോന്നും, അതിന്റെ അന്ത്യമോ നാശമത്രെ (സദൃശവാക്യങ്ങൾ 14:12). മുകളിൽ പറഞ്ഞ പ്രവർത്തിക്കിരയായിട്ടുള്ളവർ അവ തിക്തമായ അനുഭവം സൃഷ്ടിക്കും എന്നു സമ്മതിക്ക തന്നെ ചെയ്യും. ഓരോരുത്തൻ സ്വന്ത മോഹങ്ങൾക്കു വിധേയമായാണ് പാപം ചെയ്യുന്നത്. പാപം മരണത്തെ ഉളവാക്കുന്നു (യാക്കോബ് 1:14-15).

മനുഷ്യനു സ്വന്തമായി തന്റെ വഴികളേയും കാലടികളേയും ശരിയാക്കാൻ സാദ്ധ്യമല്ല (യിരമ്യാവ് 10:23). ദൈവത്തെ കൂടാതെ ജീവിക്കാൻ കഴിയില്ലെന്നു പറയുന്നവർ തങ്ങളുടെ ഇഷ്ടപ്രകാരം ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ്. അതിനുവേണ്ടി ഒഴിവു കഴിവു നിരത്തുന്ന ആളുകൾ വളരെ ഉണ്ട്. അവർ തങ്ങളെ തന്നെ ത്യാഗത്തിനു ഏല്പിച്ചു കൊടുക്കുന്നവരും മറ്റുള്ളവരെ വഴി തെറ്റിക്കുന്നവരുമാണ്. അവർ ചെയ്യേണ്ടതു സൽബുദ്ധിയോടെ തിരുവെഴുത്തു പരിശോധിക്കുകയാണ്. ദൈവിക പരിജ്ഞാനത്തിൽ എല്ലാക്കാര്യങ്ങളും പ്രയോജന പ്രദമായ രീതിയിൽ വിവേചിക്കാൻ കഴിയും. തികച്ചും പ്രായോഗികം തന്നെയാണ്.

★

# പൂവൻ കോഴി കൂകുമ്പോൾ

## ഡേവിഡ് റോപ്പർ

ഉൾ പ്രദേശങ്ങളിൽ താമസിച്ചിട്ടുളള എല്ലാവരും പൂവൻ കോഴി കൂകുന്നതു കേട്ടിരിക്കും. ആ പക്ഷി നിഗളത്തോടെ, നീണ്ടു നിവർന്നു കഴുത്തു നീട്ടി പ്രഭാതത്തെ വന്ദനം ചെയ്യുന്നതു കണ്ടിരിക്കാം. എന്തുകൊണ്ടാണ് പൂവൻ കോഴി കൂകുന്നത് എന്നെനിക്കറിഞ്ഞു കൂടാ. ഞാൻ കരുതുന്നതു- അതു തന്റെ കപ്പലണ്ടി വലുപ്പത്തിലുളള തലയെ വിശ്വസിക്കുന്നതാകാം. താൻ കൂവിയില്ലെങ്കിൽ സൂര്യൻ ഉദിക്കയില്ല എന്നാകാം ചിന്ത.

ഞാൻ കുട്ടിയായിരുന്നപ്പോൾ കോഴിയുടെ കൂവൽ കേട്ടിട്ടുളളതു സമ്മിശ്ര വികാരത്തോടെയാണ്. പുതിയ ദിവസത്തിന്റെ ആരംഭത്തെയാണ് അതു കുറിക്കുന്നത്. ചൂടുളള ബെഡ്ഡിൽ ഞാൻ ഇഴഞ്ഞു പുറത്തു വന്ന് എന്റെ പതിവു ജോലിയ്ക്കുളള സമയമായി എന്ന മുന്നറിയിപ്പാണ്. അതത്ര നന്നായി എനിക്കു തോന്നിയിരുന്നില്ല.

ചരിത്രത്തിൽ ഒരാൾക്കു ഈ പൂവൻ കോഴി കൂകുന്നതു സന്തോഷം ഉണ്ടാക്കിയില്ലെന്നു മാത്രമല്ല, അഗാധമായ ദുഃഖവുമുണ്ടാക്കി. ആ മനുഷ്യന്റെ പേരായിരുന്നു പത്രൊസ്. ആ ദുഃഖകരമായ സംഭവം അവസാനിക്കുന്നതു മത്തായി 26:73-75 വരെയുളള വാക്യങ്ങളിൽ കാണാം.

അല്പനേരം കഴിഞ്ഞിട്ടു അവിടെ നിന്നവർ അടുത്തു വന്നു പത്രൊസിനോടു നീയും അവരുടെ കൂട്ടത്തിൽ ഉളളവൻ സത്യം; നിന്റെ ഉച്ചാരണവും നിന്നെ വെളിവാക്കുന്നുവല്ലോ എന്നു പറഞ്ഞു. അപ്പോൾ അവൻ: ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു പ്രാകുവാനും ആണയിടുവാനും തുടങ്ങി. ഉടനെ കോഴി കൂകി എന്നാണെ കോഴി കൂകും മുമ്പേ നീ മൂന്നു വട്ടം തളളി പറയും എന്നു യേശു പറഞ്ഞ വാക്കു പത്രൊസ് ഓർത്തു പുറത്തു പോയി അതി ദുഃഖത്തോടെ കരഞ്ഞു.

പൂവൻ കോഴി കൂകുന്നതിൽ ഊന്നൽ കൊടുത്തു കൊണ്ട് പത്രൊസ് തളളി പറഞ്ഞ സംഭവം നമുക്കു പഠിക്കാം. നമ്മുടെ വേദ ഭാഗമായി നമുക്കു മത്തായി 26 ഉപയോഗിക്കാം എന്നാൽ ഇതിനു

സമാന്തരമായ വിവരങ്ങളുടെ ചില വിശദീകരണങ്ങൾ കൂടെ കൊണ്ടു വരുന്നുണ്ട് (മർക്കൊസ് 14; ലൂക്കോസ് 22; യോഹന്നാൻ 18). നാം ആദ്യം പത്രൊസിനുവേണ്ടി കോഴി കൂകിയപ്പോൾ എന്നതു നോക്കും, പിന്നെ നമുക്കു വേണ്ടി കോഴികൂകുന്നതു ശ്രദ്ധിക്കാം

പൂവൻ കോഴി പത്രൊസിനു വേണ്ടി കൂകിയപ്പോൾ പ്രഖ്യാപനവും എതിർപ്പും

മത്തായി 26–ാം അദ്ധ്യായത്തിൽ യേശു തന്റെ ശിഷ്യന്മാരുമായി മാളിക മുറിയിലായിരുന്നു. വരുവാനിരിക്കുന്നതു അറിഞ്ഞു താൻ തന്റെ പിൻഗാമികളെ മുന്നറിയിക്കുവാൻ ശ്രമിച്ചു. മുന്നറിയിപ്പായി യേശു അവരോടു : ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും;(വാക്യം 31). ഇടറുക എന്നതു ഗ്രീക്കു വാക്കിന്റെ അർത്ഥമാണ്. യേശു ഫലത്തിൽ പറഞ്ഞതു: എന്റെ നിമിത്തം നിങ്ങൾ ഈ രാത്രിയിൽ ലജ്ജിക്കപ്പെടുകയും ഇടറി വീഴുകയും ചെയ്യും എന്നാണ്.

പിന്നീട് യേശു സെഖര്യാവ് 13:7 ഉദ്ധരിക്കുകയുണ്ടായി. “ആടുകൾ ചിതറിപോകേണ്ടതിനു ഇടയനെ വെട്ടുക” ഇടയനെ വെട്ടുമെന്നു പറഞ്ഞിരിക്കുന്നതിന്റെ ആശയം യേശുവിന്റെ മരണത്തെ സൂചിപ്പിക്കുന്നു.

തന്റെ ശിഷ്യന്മാർ തന്നെ ഉപേക്ഷിക്കുമെന്നു അറിയുകയും മുന്നറിയിക്കുകയും ചെയ്തിരുന്നെങ്കിലും അവൻ അവരെ വീണ്ടും സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്തു. 32–ാം വാക്യത്തിൽ “താൻ ഉയിർത്തെഴുന്നേറ്റ ശേഷം അവൻ അവരോടു ചേരും എന്നു പറയുന്നു”. എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റ ശേഷം നിങ്ങൾക്കു മുമ്പായി ഗലീലക്കു പോകും.,,

പത്രൊസ് എങ്ങനെയായാലും സ്നേഹവും കരുതലും കേട്ടില്ല. അവനും മറ്റു ശിഷ്യന്മാരും യേശുവിനെ ഉപേക്ഷിച്ചു പോകുമെന്നു പറഞ്ഞതു മാത്രം കേട്ടിരുന്നു. അവനു അതു സ്വീകാര്യവുമായിരുന്നില്ല. അതിനു പത്രൊസ് എല്ലാവരും ഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല എന്നു പറഞ്ഞു”(വാക്യം33)“ശിഷ്യന്മാരിൽ പത്രൊസ് ആദ്യമായും അവസാനമായും ഗുരോ ഇപ്രാവശ്യം നിങ്ങൾക്കു തെറ്റിപോയി” എന്നു പറഞ്ഞു. കർത്തൃമേശ സ്ഥാപിച്ചു കൊടുക്കുമ്പോൾ പത്രൊസും ഉൾപ്പെട്ടിരുന്നു. അവൻ കർത്താവിനോടും മറ്റു ശിഷ്യന്മാരോടും കൂട്ടായ്മ പുലർത്തി. അവൻ ശക്തനാണെന്നു സ്വയം

കരുതി, അതൊരിക്കലും സംഭവിക്കരുത് പത്രൊസ് ശഠിച്ചു.

യേശു മുന്നറിയിപ്പ് ആവർത്തിച്ചു, വ്യക്തിപരമായി പത്രൊസ നോടും "ഈ രാത്രി കോഴി കൂകും മുമ്പ് നീ എന്നെ മൂന്നു വട്ടം തള്ള പറയും" (വാക്യം 34). കോഴി കൂകും മുമ്പ് എന്നു പറഞ്ഞാൽ പ്രഭാതത്ത ന്നു മുമ്പ് എന്നർത്ഥം. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഇനി മൂന്നു നാലു, അ ഞ്ചു മണിക്കൂർ കഴിഞ്ഞ് നീ എന്നെ മൂന്നു വട്ടം തള്ളി പറയും.

പത്രൊസിനു അതു ഊഹിക്കാൻ പോലും കഴിഞ്ഞില്ല. അവന അതു കറുപ്പു വെള്ളയായി തീരും എന്നു പറയുന്നതു പോലെ തോന്ന് അല്ലെങ്കിൽ മുകൾ ഭാഗം താഴെയാകും എന്നു പറയുന്നതു പോലെ തണുപ്പുരുകി ചൂടാകുമെന്നു പറയുന്നതുപോലെ തോന്നി. "നിന്നോടു കൂ മരിക്കേണ്ടി വന്നാലും ഞാൻ നിന്നെ തള്ളി പറയുകയില്ല" (വാക്യം 35 അതു നമ്മെ 1 കൊരിന്ത്യർ 10:12 ഓർമ്മിപ്പിക്കുന്നു : "നില്ക്കുന്നു എന്ന തോന്നുന്നവൻ വീഴാതിരിക്കാൻ നോക്കി കൊള്ളട്ടെ".

## യാഥാർത്ഥ്യവും ഫലങ്ങളും

മുന്നറിയിപ്പു നല്കിയ ശേഷം യേശുവും ശിഷ്യന്മാരും മാളിക മുറിയുടെ പവിത്രത വിട്ടു പുറത്തു വാസ്തവത്തിലുള്ള ലോകത്തിലേയ്ക്ക കടന്നു-ഗദ്ശമന തോട്ടത്തിലെത്തി. യേശു പത്രൊസിനേയും യാക്കോബ നേയും യോഹന്നാനെയും കൂട്ടി കൊണ്ടു തോട്ടത്തിന്റെ ഹൃദയഭാ ത്തേയ്ക്കു പോയി. അവൻ അവരോടു ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ എന്ന പറഞ്ഞു (വാക്യം 41). പക്ഷെ അവർ ഉറങ്ങിപ്പോയി. പത്രൊസ് ശ്രദ്ധിക്കേ ണ്ടതായിരുന്ന സമയത്തു സംസാരിക്കുകയായിരുന്നു. പത്രൊസ് ഇപ്പോ പ്രാർത്ഥിക്കേണ്ട സമയത്ത് ഉറങ്ങിപ്പോയി. അവൻ തരം താഴ്ത്തപ്പെട്ടതി അതിശയിക്കാനില്ല!

പുരുഷാരം വന്നു യൂദാ ചുംബനം കൊണ്ടു യേശുവിനെ ഒറ്റിക്കൊ ടുത്തു. പത്രൊസ് തയ്യാറായിരുന്നു. അവന്റെ വാൾ പുറത്തു വന്നു. മഹാപ രോഹിതന്റെ ദാസന്റെ കാത് അറുത്തു കളഞ്ഞു (വാക്യം 51;യോഹന്നാ 18:10). "യേശു അവനെ നോക്കി അവനോടു വാൾ ഉറയിൽ ഇടുക വാ എടുക്കുന്നവർ ഒക്കെയും വാളാൽ നശിച്ചു പോകും എന്നു പറഞ്ഞു (വാക്യം 52).

പത്രൊസിന്റെ എതിർപ്പു ഊഹിക്കുക : കർത്താവേ നിൽക്കണേ "ഞാൻ നിനക്കു വേണ്ടി മരിക്കാൻ പോലും തയ്യാറാണ് എന്നു പറഞ്ഞി

– ഇതാ ഞാൻ റെഡിയാണ്; എന്റെ പുറകിൽ നിന്നാൽ മതി, ഞാൻ നിന്നെ രക്ഷിക്കാം". അവർ എന്നെ എന്തെങ്കിലും ചെയ്തിട്ടല്ലാതെ നിന്നെ അവർക്കു പിടിക്കാൻ സാധ്യമല്ല. എന്നാലും യേശു പറഞ്ഞു പത്രോസേ നിന്റെ വാൾ നീ മാറ്റുക. അങ്ങനെ പത്രോസ് യാഥാർത്ഥ്യത്തിലേയ്ക്കു തിരിച്ചു വന്നു. അവനു മാനുഷിക പദ്ധതി ഉണ്ടായിരുന്നു. പക്ഷെ യജമാനന്റെ പദ്ധതി ആയിരുന്നില്ല.

നമുക്കു പലപ്പോഴും മാനുഷിക പദ്ധതികളുണ്ട് അല്ലേ? നമുക്കു സുരക്ഷിതത്തിന്റെ ഉറവിടമുണ്ട്. നമ്മുടെ- സുരക്ഷാ മേഖലകൾ- അതു നമ്മുടെ വീടുകളും സാമ്പത്തികങ്ങളും ആകാം. ജോലിയാകാം ആരോഗ്യവും ശക്തിയുമാകാം. വിവാഹമാകാം, പങ്കാളിയാകാം, കുട്ടികൾ ആകാം. അവയെല്ലാം പെട്ടെന്നു എടുത്തു കളഞ്ഞേക്കാം. അപ്പോൾ നമുക്കു വേദന തോന്നും. 'കർത്താവേ നീ ഞങ്ങളോടു ഇങ്ങനെ ചെയ്തതെന്ത് എന്നു പറഞ്ഞു വിലപിക്കും.ഒരു പക്ഷെ അവനിൽ ആശ്രയിക്കേണ്ടതിനു അവൻ നമ്മെ ഒരു പാഠം പഠിപ്പിക്കയാകാം

പത്രോസിനു തന്റെ സ്വാർത്ഥത മുറിവേൽക്കപ്പെട്ടു. യേശു പത്രോസിനെ പരസ്യമായി ശാസിച്ചു.

പത്രോസിലേയ്ക്കു യാഥാർത്ഥ്യം വരാൻ തുടങ്ങി. പുരുഷാരം വന്നു യേശു അവനെ പിടിച്ചു കൊണ്ടു പോയി. "യേശു മുന്നറിയിച്ചതു പോലെ ശിഷ്യന്മാരെല്ലാവരും അവനെ വിട്ടു ഓടിപ്പോയി (വാക്യം56).

യേശുവിനെ പിടിച്ചവരോ മഹാപുരോഹിതനായ കയ്യഫാവിന്റെ അടുക്കൽ ശാസ്ത്രിമാരും മൂപ്പന്മാരും ഒന്നിച്ചു കൂടിയിരുന്നേടത്തു അവനെ കൊണ്ടു പോയി. എന്നാൽ പത്രോസ് ദൂരവേ മഹാപുരോഹിതന്റെ അരമനയോളം പിൻ ചെന്നു അകത്തു കടന്നു അവസാനം കാണ്മാൻ ചേവകന്മാരോടു കൂടിയിരുന്നു (വാക്യം 57,58).

പുരുഷാരത്തെ പിൻചെന്നു മഹാപുരോഹിതന്റെ വീട്ടിലേയ്ക്കു യോഹന്നാനും പോയിരുന്നു എന്നു മറ്റൊരു വിവരണത്തിൽ പറയുന്നു (യോഹന്നാൻ 18:15)

യേശുവും ശിഷ്യന്മാരും തോട്ടത്തിനു പുറത്തു കെദ്രോൻ കടന്നു നഗരത്തിലേയ്ക്കു പോയപ്പോൾ ജനക്കൂട്ടവും മടങ്ങി പോയിരിക്കാം. അവർ മഹാപുരോഹിതന്റെ അടുക്കൽ എത്തുന്നതിനായി കാത്തിരുന്നേക്കാം. യോഹന്നാനു പരിചയമുണ്ടായിരുന്ന മഹാപുരോഹിതനായിരുന്നു (ഒരു പക്ഷെ യോഹന്നാന് ഈ മഹാപുരോഹിത

നുമായി വ്യാപാരം ഉണ്ടായിരിക്കാം). അതുകൊണ്ടു യോഹന്നാനെ അകത്തേയ്ക്കു കടക്കുവാൻ അനുവദിച്ചു. പിന്നെ അവൻ പത്രൊസിനെയും അകത്തു കയറുവാൻ അനുവാദം വാങ്ങി (യോഹന്നാൻ 18:16).

പത്രൊസ് അവിടെ കെട്ടിടങ്ങളുടെ നടുവിലുള്ള മുറ്റത്തെത്തി. മറ്റുവിവരങ്ങൾ പറയുന്നതു അവിടെ ആളുകൾ തീ കാഞ്ഞു കൊണ്ടിരുന്നു എന്നാണ്- തണുപ്പകറ്റാനെന്നു നിസംശയം പറയാം. പത്രൊസ് അവിടെയുള്ളവൻ എന്നു വരുത്തി തീർക്കുവാൻ ശ്രമിച്ചു തീകായുന്നവരുടെ കൂടെയിരുന്നു അവസാനം കാണ്മാൻ ദൂരെ മാറിയിരുന്നു (മത്തായി 26:28). തുറന്ന വാതിലുകളിലൂടേയും ജനലുകളിലൂടേയും അവനു ഒരു പക്ഷെ വിചാരണ നടക്കുന്നതു കാണാമായിരുന്നു

നാം കൂടുതൽ മുൻപോട്ടു പോകുന്നതിനു മുൻപ് മുറ്റത്തു സിംഹങ്ങളുടെ കൂട്ടിൽ മറ്റു ശിഷ്യന്മാർ ആരും ഉണ്ടായിരുന്നില്ല എന്നു ശ്രദ്ധിക്കുക. യോഹന്നാൻ ഒഴിച്ചു എല്ലാവരും ചിതറി പോയിരുന്നു. അതുകൊണ്ടു പത്രൊസിനു കുറച്ചു ധൈര്യവും സമർപ്പണവും ഉണ്ടെന്നു നമുക്കു സമ്മതിക്കാം.

പെട്ടെന്നു യാഥാർത്ഥ്യം വന്നു- ചെറിയ തടവിന്റെ വാതിൽ കാവൽക്കാരിയോടു യോഹന്നാൻ പറഞ്ഞാണ് പത്രൊസിനെ അകത്തു കടത്തിയത്(യോഹന്നാൻ 18:17). ഇതാ അവൾ വരുന്നു, ചെറിയ പെൺകുട്ടി ചെറിയ പ്രസ്താവനയുമായി വലിയ ശക്തനായ മുക്കുവന്റെ അടുക്കൽ : "നീയും ഗലീലക്കാരനായ യേശുവിനോടു കൂടെ ആയിരുന്നുവല്ലോ എന്നു പറഞ്ഞു"(വാക്യം 69). ഇപ്പോൾ പത്രൊസിനു ജനക്കൂട്ടത്തിൽ നിന്നു ചൂടനുഭവപ്പെട്ടു തുടങ്ങി. ശക്തനായിരുന്നവൻ ഒരു ചെറിയ പെൺകുട്ടിയുടെ മുമ്പിൽ പൊടിയായി തീർന്നു. "അതിനു അവൻ : നീ പറയുന്നതു എനിക്കു തിരിയുന്നില്ല എന്നു എല്ലാവരും കേൾക്കെ തള്ളി പറഞ്ഞു" (വാക്യം 70). ഒന്നാമത്തെ തള്ളിപ്പറയൽ സംഭവിച്ചു.

പത്രൊസ് പിൻവാങ്ങി. അവൻ തീ കായുന്നതു മതിയാക്കി. ഇരുട്ടിലേയ്ക്കു നീങ്ങി പടിപുരയിലേയ്ക്കു പോയി. അപ്പോഴും അവനു ഒഴിഞ്ഞു മാറാനായില്ല. മറ്റൊരു ബാല്യക്കാരിയെ അവൻ അവിടെ കണ്ടു. "പിന്നെ അവൻ യേശുവിനോടു കൂടെയായിരുന്നു എന്നു പറഞ്ഞു" (വാക്യം 71). എല്ലാ വിവരങ്ങളും കൂട്ടി ചേർത്തു നോക്കിയാൽ ഈ സമയത്ത് ധാരാളം ആളുകൾ ഉൾപ്പെടുന്നതായി

കാണാം. ചുരുങ്ങിയതു രണ്ടു പേരെങ്കിലും യോജിച്ചു കൊണ്ടു പറയുന്നു: "അതെ അവൻ നസ്രേയനായ യേശുവിനോടു കൂടെയായിരുന്നു".

പത്രോസ് ഒരു പക്ഷെ ഇപ്പോൾ വിയർക്കുന്നുണ്ടാകും "ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നു അവൻ ആണയോടെ തള്ളി പറഞ്ഞു" (വാക്യം 72). ആ സമയത്തു അവൻ ചെയ്ത ആണ ഒരു പക്ഷെ ദൈവ നിന്ദയായി പറയാവുന്നതല്ല. മറിച്ച് യഹൂദന്മാർ ഔപചാരികമായി പറയുന്ന ആണയാണ്. താൻ പറഞ്ഞതു സത്യമാണെന്നു അവൻ ഉറപ്പിക്കുകയായിരുന്നു ആണയാൽ. ഇതു രണ്ടാമത്തെ തള്ളിപ്പറയൽ.

യേശു മുൻകൂട്ടി പറഞ്ഞിരുന്നതുപോലെ പത്രോസ് മൂന്നു പ്രാവശ്യം കർത്താവിനെ തള്ളിപ്പറഞ്ഞു. കർത്താവു പറഞ്ഞാൽ പിന്നെ അതിനു നീക്കുപോക്കില്ല. മനുഷ്യർ വിശ്വസിച്ചാലും ഇല്ലെങ്കിലും അതങ്ങനെ തന്നെ സംഭവിക്കും.

★

## വാർത്തകൾ

### ഒറീസ ഉരുകുന്നു പകൽ ജോലിക്കു നിയന്ത്രണം

ഭുവനേശ്വർ : വേനൽ ചൂട് അതിരൂക്ഷമായതോടെ ഒറീസയിൽ കൂലിപ്പണിക്കാരുടെ ജോലിസമയം പുനക്രമീകരിച്ചു സർക്കാർ ഉത്തരവിറക്കി. ഉച്ചയയ്ക്കു 11:30 മുതൽ 3:30 വരെ ഇവരെ ജോലിക്കിറക്കരുത് എന്നാണ് ഉത്തരവ്. സൂര്യാഘാതം മൂലം ശരീരത്തിൽ നിന്നും ജലാംശം നഷ്ടപ്പെട്ട് മരണമുണ്ടാകാനുള്ള സാധ്യത പരിഗണി ച്ചാണിത്.

★

## ചീഫ് സെക്രട്ടറിയുടെ വീട്ടു സാധനങ്ങൾക്ക് ചെക്ക് പോസ്റ്റിൽ കൈക്കൂലി

തിരുവനന്തപുരം : ചീഫ് സെക്രട്ടറി പാലാട്ട് മോഹൻ ദാസിന്റെ വീട്ടു സാധനങ്ങൾ ഡൽഹിയിൽ നിന്നു കൊണ്ടു വരുമ്പോൾ പാലക്കാടു നടുത്തുള്ള വാളയാർ ചെക്ക് പോസ്റ്റ് കടക്കാൻ കൈകൂലി നൽകേണ്ടി വന്നു.

ഉപയോഗിച്ച സാധനമായിട്ടും പ്രവേശന നികുതിയും ഉദ്യോസ്ഥർ ഈടാക്കി. ചീഫ് സെക്രട്ടറി ഡൽഹിയിൽ ഉപയോഗിച്ചിരുന്ന സാധനങ്ങൾ മാത്രമായിരുന്നു ലോറിയിൽ. ഉപയോഗിച്ച സാധനങ്ങൾ എന്ന രേഖ ഉണ്ടായിരുന്നതിനാൽ കേരളം ഒഴികെ ഒരു ചെക്ക് പോസ്റ്റിലും പ്രശ്നമുണ്ടായില്ല.

എന്നാൽ വാളയാർ ചെക്ക് പോസ്റ്റിൽ എത്തിയപ്പോൾ തന്നെ വഴി തടഞ്ഞു. ഉപയോഗിച്ച സാധനങ്ങൾ ആണെന്നും ചീഫ് സെക്രട്ടറിയുടെ വകയാണെന്നും അറിയിച്ചപ്പോൾ, പ്രധാന മന്ത്രിയുടെതാണെങ്കിലും ഞങ്ങൾക്കു തരാനുള്ളതു തരാതെ പറ്റില്ല, എന്നായിരുന്നു മറുപടി. ഒടുവിൽ 1050 രൂപ വാങ്ങി 475 രൂപയുടെ രസീതും നൽകി.

★

## വർഗ സഹകരണം ചൈനീസ് നിർമ്മിതം

ബെയ്ജിങ്: വർഗ്ഗ സമരത്തിന്റെ പാത ചൈന വിടുന്നു. ഇനിയുള്ള കാലം സൗഹൃദ സമൂത്തിന്റേതാണെന്ന് പ്രസിഡന്റും ചൈനീസ് കമ്മ്യൂണിസ്റ്റു പാർട്ടി അദ്ധ്യക്ഷനുമായ ഹു ജിന്റാവോ.

ചൈനീസ് മേഖലകൾ വിദേശ കമ്പനികൾക്കു തുറന്നു കൊടുക്കുന്നതോടെ ഉണ്ടായ നവസമ്പന്ന വിഭാഗവും മറ്റുള്ളവരും തമ്മിലുള്ള സാമ്പത്തിക അന്തരം വലുതായി വരുന്നതിനിടയിലാണ് ജിന്റാവോ വർഗ്ഗ സമരത്തിനു പകരം വർഗ സഹകരണമാവാം എന്ന പുതിയസിദ്ധാന്തവുമായി വരുന്നത്. മാവോസെ ദുങ്ങിന്റെ

വർഗസമരം ഡെങ് സിയവോ പിങ്ങിന്റെ സമ്പന്നത സൃഷ്ടിക്കാനുള്ള ഊന്നൽ ജിയാങ് സെമിന്റെ ചൈനയിലേയ്ക്കു മുതലാളിത്ത കമ്പനികൾക്കും സ്വാഗതം എന്നീ സിദ്ധാന്തങ്ങൾ കഴിഞ്ഞാണ് ഹു ജിന്റാവോയുടെ സൗഹൃദ സമൂഹ സിദ്ധാന്തം വരുന്നത്.

സാമ്പത്തിക പിന്നോക്ക അവസ്ഥ ദിവസവും രാജ്യത്തിന്റെ വിവധ ബാഗങ്ങളിൽ പ്രതിഷേധ പ്രകടനങ്ങൽക്കിട യാക്കുന്നതിനിടയിലാണ് പുതിയ തത്വ ശാസ്ത്രം അവതരിപ്പിച്ചിരിക്കുന്നത്. ജനകീയ പ്രതിഷേധത്തെ നേരിടാൻ പുതിയ സംവിധാനം വേണമെന്നു പുതിയ പ്രധാന മന്ത്രി വെൻജിയ ബാവൊ പാർളമെന്റിൽ പറഞ്ഞിട്ട് ഏറെ നാളായിട്ടില്ല.

ചെമ്പടയുടേയും പാർട്ടിയുടേയും ഉരുക്കുമുഷ്ടിക്കു കീഴിലും ജനകീയ പ്രതിഷേധം കൂടി വരുന്നു എന്നു തന്നെയാണ് വെൻജിയ ബാവൊയുടെ പ്രസ്താവത്തിനു പിന്നിലെ യാഥാർത്ഥ്യം. കുറ്റ കൃത്യങ്ങളും പെരുകി വരുകയാണ്. 130 കോടി ജനമുള്ള ചൈനയിലെ മൂന്നിൽ രണ്ടു ജനവും നാമമാത്ര കാർഷികാധിഷ്ഠിത ജീവിതം നയിക്കുന്നവരാണ്. ഉദ്യോഗസ്ഥരായ നഗരവാസികളുടെ ശരാശരി വാർഷിക വരുമാനം 1138 ഡോളർ (49,000 രൂപ) മാത്രം. രാജ്യത്തെ പുതു വ്യവസായി വർഗമാണ് ഇപ്പോൾ അവരേക്കാൾ വളരെ ഉയർന്ന വരുമാനത്തിലെത്തി നിൽക്കുന്നത്. സൗഹൃദ സമൂഹത്തിന്റെ മുഖ്യ ഘടകങ്ങൾ ജനാധിപത്യം, നിയമവാഴ്ച, അവസര തുല്യത, നീതി, ആത്മാർത്ഥത, വ്യക്തി സൗഹൃതം, ചടുലത എന്നിവയാണ്.

മനുഷ്യനും പ്രകൃതിയും, മനുഷ്യനും സമ്പത്ത് ഘടനയും മനുഷ്യനും സമൂഹവും തമ്മിൽ പൂർണ്ണ പൊരുത്തം വരുന്ന അവസ്ഥ – ഔദ്യോഗികമാധ്യമങ്ങൾ പുതിയ സിദ്ധാന്തത്തെ വിശദീകരിക്കുന്നത് അങ്ങനെയാണ്. സൗഹൃദ സമൂഹ സിദ്ധാന്തം ജനത്തിന്റെ കണ്ണിൽ പൊടിയിടാനുള്ള മറ്റൊരു മറ്റൊരു അടവാണെന്നു പറയുന്നവരുമുണ്ട്.

★

## യു.എസ്. ഉപരോധം ഉണ്ടായിട്ടും താരാപ്പൂർ നാലാം റിയാക്ടർ പ്രവർത്തന സജ്ജമായി

താരാപ്പൂർ : അമേരിക്ക പ്രവർത്തിച്ച കനത്ത പ്രതിബന്ധങ്ങളെ അതി ജീവിച്ചു കൊണ്ടു താരാപ്പൂർ ആണവോർജ്ജ പദ്ധതിയിലെ ഏറ്റവും വലുതും ആദ്യത്തേതുമായ 540 മെഗാവാട്ടിന്റെ യൂണിറ്റ് നാലുറിയാക്ടർ പ്രവർത്തന ക്ഷമമായി. അണു ശക്തി ഉല്പാദനത്തിൽ വലിയ കുതിച്ചു ചാട്ടമാണിത്.

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് എം. കെ നാരായൺ, ആണവോർജ്ജ കമ്മീഷൻ ചെയർമാൻ കോദ്ക്കർ എന്നിവരുടെ സാന്നിധ്യത്തിൽ നാഷണൽ പവർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ എസ്.കെ ജയിൻ ആണു രാജ്യം കൈവരിച്ച നേട്ടം പ്രഖ്യാപിച്ചത്. പ്രധാനമന്ത്രിയെ ശുഭവാർത്ത അറിയിച്ചെന്നു വിജയത്തിനായും അത്യദ്ധ്വാനം ചെയ്ത ശാസ്ത്രജ്ഞരെ അഭിനന്ദനം അറിയിച്ചു എന്നും നാരായണൻ പറഞ്ഞു.

പൊക്രാനിൽ 1998-ൽ നടത്തിയ അണു വിസ്ഫോടന പരീക്ഷണത്തെ തുടർന്നാണ് അമേരിക്ക വാണിജ്യ ഉപരോധം പ്രഖ്യാപിച്ച് റിയാക്ടർ നിർമ്മാണം തടസ്സപ്പെടുത്തിയത്.

എന്നാൽ, ലക്ഷ്യമിട്ടതിനേക്കാൾ ഏഴു മാസം മുമ്പേ അതു പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞു. 2005 ഓഗസ്റ്റിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. അമേരിക്കയുടെ ഉപരോധം നിർമ്മാണ പ്രക്രിയ്ക്ക് ഉശിരു കൂട്ടിയതേ ഉള്ളു. അണുശക്തി രംഗത്ത ബാഹ്യ സഹായം ഇനി ആവശ്യമില്ലെന്ന് ഇതു തെളിയിച്ചു.

★

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M.-7:00 A.M. and Thursdays, 6:45 A.M- 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Firday 3:45 - 4.00 P.M. Speaker : P. K.Varghese Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays, Thursdays, Fridays 5:30 P.M. to 5.45 P. M. Speaker: P.R. Swamy, Box 8405, Bangalore- 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P. M - 2:15 P. M. Speaker, Joshua Gootam, Box-80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your langauage. All of these programmes are sponsored by

## CHURCHES OF CHRIST

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Price of Single Copy: Rs.4**

Annual subscription : Rs. 50/-

Reg. No.K. Dis. 90095/86/A8. Reg. No. KL(N) 22/2003-2005

Licensed to post without prepayment No. Tech/62-2 TV(N) 40/2005

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday - worship -10.00 am**

**Tuesday - Bible Study - 6.00 pm**

**ALL ARE WELCOME**

All correspondence should be sent to the Editor, The Bible Truth Post Box No. 5540, Trivandrum-34, Kerala, India.

*From*

**THE BIBLE TRUTH**
**Church of Christ**
Thampuranmukku,
Trivandrum-35
Kerala, India.
Phone : 2303378

*To*